"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - യൂത്ത് കോ-ഓർഡിനേറ്റർമാർക്ക്, അവരുടെ പ്രവർത്തനം സുഗമമാക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും ഓഫീസുകളിൽ ഇരിപ്പിട സൗകര്യവും, മറ്റ് അടിസ്ഥാന സൗകര്യങ്ങളും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1090/2024/LSGD തീയതി,തിരുവനന്തപുരം, 20-06-2024

---

പരാമർശം:-

1. നിയമസഭയുടെ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ (2014-16) 8-മത് റിപ്പോർട്ടിലെ ശുപാർശ നമ്പർ 4 (ഖണ്ഡിക നമ്പർ 11 ) .
2. പഞ്ചായത്ത് ഡയറക്ടറുടെ 15/12/2018 ലെ PAN/22589/2018 - J6 (DP) നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

കേരളത്തിലെ പഞ്ചായത്തുകളിലും, നഗര ഭരണ സ്ഥാപനങ്ങളിലും യൂത്ത് കോ-ഓർഡിനേറ്റർമാർക്ക് പ്രവർത്തിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന് നിയമസഭയുടെ യുവജനക്ഷേമവും, യുവജനകാര്യവും സംബന്ധിച്ച സമിതി പരാമർശം (1) പ്രകാരം ശുപാർശ ചെയ്തിരുന്നു.

എല്ലാ ഗ്രാമപഞ്ചായത്തുകളിലും (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ) യൂത്ത് കോ-ഓർഡിനേറ്റർമാർക്ക് പ്രവർത്തിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടത് ആവശ്യകതയാണെന്നും, മേൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. യുവജനക്ഷേമ ബോർഡിന്റെ യൂത്ത് കോ-ഓർഡിനേറ്റർമാർക്ക്, അവരുടെ പ്രവർത്തനം സുഗമമാക്കുന്നതിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും ഓഫീസുകളിൽ ഇരിപ്പിട സൗകര്യവും, മറ്റ് അടിസ്ഥാന സൗകര്യങ്ങളും അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
2. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്

3. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
4. ഡയറക്ടർ ജനറൽ, കില
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
6. വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കായിക യുവജനകാര്യ(ബി) വകുപ്പ് (ബി1/62/2023-SYA തീയതി 04.03.2024)
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 20-06-2024 15:18:02

സെക്ഷൻ ഓഫീസർ

പകർപ്പ്:- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി എ- യ്ക്ക്